# തൊഴിലാളികളും ട്രേഡ് യൂണിയനും വേണ്ടത്ര ബോധവാന്മാരല്ല

**കെ.പി. രാജേന്ദ്രൻ**

(ചേർപ്പ് എം.എൽ.എ., സി.പി.ഐ.)

1. ഗ്രാമപഞ്ചായത്തിന്റെ തീരുമാനം സർക്കാർ സ്റ്റേ ചെയ്തത് ശരിയല്ല. ഈ വിഷയങ്ങളിൽ ഗ്രാമപഞ്ചായത്തിന് തീരുമാനം എടുക്കാനുള്ള അധികാരം ഉണ്ട്. ഇതിനുമേൽ സർക്കാർ ഇടപെടുന്നതു തന്നെ അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്ന പ്രക്രിയയെ തടസ്സപ്പെടുത്തുന്നതാണ്.

സർക്കാരിന്റെ താല്പര്യം ഇക്കാര്യത്തിൽ വ്യക്തമാണ്. കൊക്കോകോള, പെപ്സി കമ്പനികളുടെ താല്പര്യങ്ങൾ സംരക്ഷിയ്ക്കുക എന്നതാണ് സർക്കാരിന്റെ ഇതു സംബന്ധിച്ച എല്ലാ വിഷയങ്ങളിലുമുള്ള സമീപനം. ജൂൺ 15 ന് ശേഷവും പ്രവർത്തിക്കാൻ അനുവദിയ്ക്കാൻ പാടില്ലാത്തതാണ്. ഇക്കാര്യത്തിൽ ജനങ്ങളുടെ താല്പര്യവും അവകാശവും സംരക്ഷിയ്ക്കാൻ സർക്കാരും, പഞ്ചായത്തും, കോടതികളും ബാദ്ധ്യസ്ഥരാണ്.

2. ഭൂഗർഭജലം എടുക്കുന്നതു സംബന്ധിച്ച് ശാസ്ത്രീയമായ യാതൊരു വിധ പഠനവും ഇപ്പോൾ നടക്കുന്നില്ല. ചില താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഓരോ സന്ദർഭങ്ങളിലും തീരുമാനങ്ങൾ എടുക്കുന്നു. പലപ്പോഴും ജനങ്ങളുടെ താല്പര്യങ്ങൾക്ക് എതിരായി കുത്തക കമ്പനികൾക്ക് സഹായകമായിട്ടാണ് സർക്കാർ തീരുമാനം എടുക്കുന്നതും; അതു വ്യാഖ്യാനിക്കുന്നതും.

3. പെപ്സി കമ്പനിയും അടച്ചു പൂട്ടാൻ തീരുമാനം എടുക്കണം. പുതുശ്ശേരി പഞ്ചായത്തും കമ്പനി അടയ്ക്കണമെന്ന ആവശ്യം ഉയർത്തിയിട്ടുണ്ട്. ഇതിൽ കമ്പനികൾ ഏതൊക്കെ; ഏതു പേരിലുള്ളത് എന്നതല്ല വിഷയം. അമിതമായ തോതിലും, അപകടകരമാം വിധത്തിലും ജനങ്ങൾ അവകാശപ്പെട്ട വെള്ളം ചൂഷണം ചെയ്യുന്നു, കൊള്ളയടിയ്ക്കുന്നു എന്നതാണ്. ഈ വിധത്തിലുള്ള ചൂഷണവും കൊള്ളയും നടത്താൻ ആർക്കും അവകാശമില്ല. സർക്കാരും, പഞ്ചായത്തും ഇവിടെ നിസ്സഹായരായി നിൽക്കുകയല്ല ചെയ്യേണ്ടത്. ശക്തമായ നടപടി സ്വീകരിക്കണം. പഞ്ചായത്തുകൾ ഈ വിഷയങ്ങളിൽ ജനങ്ങളുടെ താല്പര്യങ്ങൾക്കൊത്തു നിൽക്കുന്നു എന്നത് പ്രത്യേകം എടുത്തുപറയണം.

4. പ്രകൃതി വിഭവങ്ങളെ അമിതമായി ആശ്രയിക്കുന്ന ധാരാളം വ്യവസായങ്ങൾ-വാണിജ്യ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവിടെയെല്ലാം വളരെയേറെ പേർ തൊഴിലെടുക്കുന്നുമുണ്ട്. പ്രകൃതി വിഭവങ്ങൾ ധാരാളം നമുക്ക് സ്വന്തമായി ഉണ്ടായിരുന്നപ്പോൾ ആരും ഇതിലൊന്നും ബോധവാന്മാരായിരുന്നില്ല. ഇപ്പോൾ സ്ഥിതിഗതികൾ ആകെ മാറി. പ്രകൃതി വിഭവങ്ങൾ നഷ്ടപ്പെടുകയും, ഇതെല്ലാം അമിതമായി ചൂഷണം നടത്തി കൊള്ളലാഭം കൊയ്യുന്ന ബഹുരാഷ്ട്രകമ്പനികൾ യഥേഷ്ടം അവരുടെ സർവ്വാധിപത്യം മനുഷ്യൻ അവകാശപ്പെട്ട എല്ലാറ്റിനുമേലും അടിച്ചേൽപ്പിക്കുന്നു. ഒരു ജനകീയ പ്രസ്ഥാനം ഇതൊക്കെ നിരീക്ഷിക്കുന്നു. ഇടപെടാനും, ജനങ്ങളെ ബോധവൽക്കരിക്കാനും സഹായിക്കാനും സംരക്ഷിക്കാനും ഉണ്ടാകുന്നത് നല്ലതാണ്. ഇത്തരം പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കണം. രാഷ്ട്രീയ പാർട്ടികളും ബഹുജന പ്രസ്ഥാനങ്ങളും ഈ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും വേണം.

ക) നിരോധിക്കേണ്ടത് നിരോധിക്കുകതന്നെ വേണം. നിയന്ത്രണം വേണ്ടിടത്ത് ഫലപ്രദമായ നിയന്ത്രണം ഏർപ്പെടുത്തണം.

ഇവിടെയൊക്കെ സർക്കാർ കുറ്റക്കാരാകുന്ന സ്ഥിതിയാണ്. മാവൂർ, കരിമുകൾ കമ്പനികളൊക്കെ അമിതമായി അവരുടെ ചൂഷണം തുടർന്നപ്പോൾ ഇടപെടേണ്ട സന്ദർഭത്തിൽ സർക്കാർ മാറിനിന്നു. തൊഴിലാളികളും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും ഇത്തരം വ്യവസായങ്ങളുടെ ഭാവിയും, പ്രത്യാഘാതങ്ങളെ സംബന്ധിച്ചും വേണ്ടത്ര ബോധവാന്മാരായില്ല.

എൻഡോസൾഫാൻ തളിയ്ക്കൽ-കാസർഗോഡ് ജില്ലയിൽ ഒരു ബഹുജന പ്രസ്ഥാനം വളർന്നു വന്നു. കരിമണൽ ഖനനം ജനങ്ങളുടെ വലിയൊരു ജനകീയ സമരമുന്നണി തന്നെ സജീവമായി. പുഴമണൽ അമിതമായി ആശ്രയിക്കുന്നതിലെ അപകടത്തെ കുറിച്ച് അവബോധം ജനങ്ങളിൽ വളർന്നു തുടങ്ങി.

ഇതൊക്കെ ജനങ്ങളുടെ ഉണർവ്വ്, ഇടപെടലിന്റേയും വിജയമാണ്. ഇത്തരം ജനകീയ പ്രസ്ഥാനങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കണം; സഹായിയ്ക്കണം.

ഖ) ജിം യഥാർത്ഥത്തിൽ ഒരു മയക്കവെടിയായിരുന്നു. നമ്മളെ കബളിപ്പിക്കാൻ മറ്റു പല താല്പര്യങ്ങളും ഒളിപ്പിച്ചുവെച്ച് നടത്തിയ മാമാങ്കം. ജിം പരാജയപ്പെട്ടതിൽ ദുഃഖിയ്ക്കേണ്ട കാര്യമില്ല.

നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളും, അടിസ്ഥാന വ്യാവസായിക-തൊഴിൽ സാദ്ധ്യതകളും കണക്കിലെടുക്കാതെ ഹൈടെക് സ്വപ്നങ്ങളുമായി നടക്കുന്നത് മറ്റൊരു തട്ടിപ്പാണ്.

ഗ) ജനകീയ അടിസ്ഥാന മാർഗ്ഗരേഖയും രൂപം കൊടുക്കാൻ കഴിഞ്ഞാൽ നല്ലത്. ഇക്കാര്യത്തിൽ സമവായങ്ങൾ ഉണ്ടാകണമെന്ന് ഇതൊക്കെ പല രൂപത്തിലും പല വഴിയിലൂടെയും ആണ് വളർന്നുവരുന്നത്. ഇത്തരം ജനകീയ പ്രസ്ഥാനങ്ങളും, സംരംഭങ്ങളും ഏകോപിക്കണം. ശ്രീമതി മേധാ പട്കർ, അരുന്ധതി റോയ്, സി.കെ. ജാനു വളർത്തിക്കൊണ്ടുവന്ന ദളിത് മുന്നേറ്റം, വേൾഡ് സോഷ്യൽ ഫോറം തുടങ്ങിവച്ച ആഗോളവൽക്കരണത്തിനെതിരായ ജനകീയ പ്രസ്ഥാനം ഇതൊക്കെ കൈകോർക്കണം. ശരിയായ ദിശാബോധത്തോടെ മുന്നോട്ടു കൊണ്ടുപോകണം.

5. അധികാര വികേന്ദ്രീകരണം നടപ്പിലായി വരികയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായുള്ള പ്രവർത്തനം വിജയകരമാണ്. പ്രതിസന്ധികളുടെ പ്രശ്നങ്ങളും ഉണ്ടാകുക സ്വാഭാവികമാണ്. അധികാര വികേന്ദ്രീകരണമെന്നാൽ യഥാർത്ഥത്തിൽ ജനങ്ങളുടെ സംഘടിത ശക്തി ഉയർന്നുവരുന്നു എന്നതു കൂടിയാണ്.

ജലം ഊറ്റിയെടുക്കലായല്ല, പ്രകൃതിയെ ചൂഷണം ചെയ്യുന്ന മറ്റു നടപടികളായല്ല, ജനങ്ങൾ അവകാശപ്പെട്ടത് നിഷേധിക്കാൻ ആരും തുനിഞ്ഞാലും അതു തടയാൻ കഴിയണം. പഞ്ചായത്ത്രാജ് സംവിധാനം നല്കുന്ന അധികാരം ചട്ടം അനുസരിച്ച് മാത്രമുള്ളതല്ല. ജനങ്ങളുടെ വലിയ പങ്കാളിത്തമുള്ള പ്രസ്ഥാനം ഉയർത്തിക്കൊണ്ടു വരലാണ്. ഗ്രാമസഭകളും, അയൽക്കൂട്ടവും, കുടുംബശ്രീകളും നാട്ടിൽ ഉയർത്തിയിട്ടുള്ള ജനകീയ മുന്നേറ്റം ആവേശകരമാണ്. ഈ മുന്നേറ്റത്തെ തടയാൻ കഴിയില്ല. നാട്ടിൽ ഉയർന്നുവന്നിട്ടുള്ള ബഹുജനമുന്നേറ്റ പ്രസ്ഥാനങ്ങൾ പഞ്ചായത്ത് രാജ് സംവിധാനത്തെ ശക്തിപ്പെടുന്നതും. തിരഞ്ഞെടുപ്പിൽ ഞങ്ങൾ ഉന്നയിയ്ക്കുന്നത് ഈ വിഷയങ്ങളൊക്കെ തന്നെയാണ്.

**പൂർണ്ണോദയ തൃശൂരിൽ**

തൃശൂർ ഹെഡ് പോസ്റ്റാഫീസിന് എതിർവശം, ശക്തൻതമ്പുരാൻ നഗറിൽ, ഗാന്ധിമാർഗ്ഗ പ്രസിദ്ധീകരണങ്ങളുടെ പൂർണ്ണോദയ ബുക്ക് ട്രസ്റ്റ്, പുസ്തകശാല പ്രവർത്തനമാരംഭിച്ചിരിക്കുന്നു.